# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

അടിയന്തിര ചോദ്യം നമ്പർ - 3

17.07.2014 -ൽ മറുപടി നൽകേണ്ടത്

### കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ തൽസ്ഥിതി സംബന്ധിച്ച ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നേരിട്ടുള്ള സ്ഥലപരിശോധന നടത്താതെ ബി. ടി. ആർ രേഖയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഒട്ടുമിക്ക സ്ഥലത്തും ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | ഗസറ്റ് നോട്ടിഫിക്കേഷൻ ചെയ്തതിനു ശേഷം കരട് ഡാറ്റാ ബാങ്കിലെ ന്യൂനതകൾ സംബന്ധിച്ച് അപ്പീൽ സ്വീകരിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ ; ഇല്ലായെങ്കിൽ അപ്പീൽ വ്യവസ്ഥ രൂപീകരിക്കുന്നതുവരെ കരട് ഡാറ്റാ ബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന നടപടി നിറുത്തിവെയ്ക്കുമോ ? | (സി) | ഇല്ല. 09-07-2014-ൽ ഹർജികൾ സംബന്ധിച്ച സമിതി (2014-16) സംസ്ഥാനത്തെ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ച് നടന്ന തെളിവെടുപ്പുയോഗത്തിൽ ഭൂമിയുടെ തരംതിരിവുമായി ബന്ധപ്പെട്ട് പ്രാദേശിക തലത്തിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കിയ നടപടിക്രമങ്ങളിൽ വ്യാപകമായ പാളിച്ചയുണ്ടായതായി സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതായും, ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റിന്മേൽ അപ്പീൽ സാധ്യതയില്ലാത്തതിനാൽ കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനും കൂടുതൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതുവരെ കരട് |

ഡാറ്റാ ബാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നിറുത്തിവെയ്ക്കുന്നത് പരിശോധിക്കണമെന്നും സമിതി ശുപാർശ ചെയ്തു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിൽ ഡാറ്റാ ബാങ്കിന്റെ കരട് ലിസ്റ്റ് തയ്യാറാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിയന്തിരമായി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും ലാന്റ് റവന്യൂ കമ്മീഷണർക്കും നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നിലവിലെ കരട് ഡാറ്റാ ബാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് നിറുത്തിവെയ്ക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുവാനുള്ള സമിതി നിർദ്ദേശം പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ